17. Maintenancc Grant

1. 160 സബ്സെന്ററുകൾക്ക് 10,000 രൂപ വീതം ഒരു വർഷം നൽകി.

2. 66 പി.എച്ച്.സി.കൾക്ക് 50,000 രൂപ വീതം രണ്ടു വർഷം നൽകി.

3. 18 സി. എച്ച് സി. കൾക്ക് 1 ലക്ഷം രൂപ വീതം ഒരു വർഷം നൽകി.

എൻ.ആർ.എച്ച്.എം. വഴിയുള്ള ആരോഗ്യ-ക്ഷേമ പ്രവർത്തനങ്ങൾ

11 (6161) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം വഴി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം ആരോഗ്യ-ക്ഷേമ പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണമംഗലം പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) പി. എച്ച്.സി. താൽക്കാലിക വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ ;

(ഡി) സ്ഥിരമായി കെട്ടിടം ഉണ്ടാകുന്നതുവരെ താൽക്കാലിക കെട്ടിടത്തിൽ പി. എച്ച്. സി. ആരംഭിക്കാനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിലെ ഊരകം, വേങ്ങര, കോട്ടക്കൽ, ആനക്കയം, ഒതുക്കുങ്ങൽ, പൊന്മള എന്നീ പഞ്ചായത്തുകളിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ പൊതുവേ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭിക്കുവാൻവേണ്ടി ഒ.പി. വിഭാഗങ്ങളിൽ ടോക്കൺ സംവിധാനവും ഇരിക്കാൻ ഇരിപ്പിടവും കുടിവെള്ളവും ഏർപ്പെടുത്തി. പഞ്ചായത്തുകളിലെ ഓരോ വാർഡുകൾക്കും പതിനായിരം രൂപാ വീതം വാർഡ്തല ആരോഗ്യ ശുചിത്വ കമ്മിറ്റി ഫണ്ടായി നൽകി. എല്ലാ വാർഡുകളിലേയും ശുചീകരണ പ്രവർത്തനങ്ങളും ബോധവൽക്കരണ ക്ലാസ്സും നടന്നുവരുന്നു. ബോധവൽക്കരണത്തിനായി നൂതന ബോധവൽക്കരണ ഉപാധികളും നൽകിവരുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും ആശാ പ്രവർത്തകരുടെ പ്രവർത്തനവും ഫീൽഡ് തലത്തിൽ ഊർജ്ജിതമായി നടക്കുന്നു. റിപ്പോർട്ടുകളും ആശയ വിനിമയവും എളുപ്പമാക്കാൻ വേണ്ടി കമ്പ്യൂട്ടറുകളും ഇന്റർനെറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. അനുവദിച്ച ഫണ്ടുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരിശോധിച്ചു വരുന്നു.

(സി)&(ഡി) പി.എച്ച്.സി. ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനമായ ശേഷം ഇക്കാര്യം ആരോഗ്യവകുപ്പ് പരിശോധിക്കാവുന്നതാണ്.

നബാർഡിന്റെയും എൻ.ആർ.എച്ച്.എം.ന്റെയും സഹായത്തോടെയുള്ള ആശുപത്രി കെട്ടിട നിർമ്മാണം

12 (6162) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെയും എൻ.ആർ. എച്ച്.എം. ന്റെയും സഹായത്തോടെ ആശുപത്രികൾക്ക് കെട്ടിടം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികൾക്ക് ഏത് രൂപത്തിലുള്ള കെട്ടിടം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ആകെ എത്ര രൂപ ഈ ഇനത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായം ലഭിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികൾക്ക് കെട്ടിട നിർമ്മാണത്തിനും നവീകരണത്തിനുമായി 1640 ലക്ഷം രൂപയും തിരുവനന്തപുരം മെഡിക്കൽകോളേജ്, കാമ്പസിൽ സ്ഥിതി ചെയ്യുന്ന ചൈൽഡ് ഡവലപ്മെന്റ് സെന്ററിന് 360 ലക്ഷം രൂപയും 2010-11 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നബാർഡ് പദ്ധതി പ്രകാരം ആശുപത്രി കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനവും ചൈൽഡ് ഡവലപ്മെന്റ് സെന്ററിൽ ജനിറ്റിക് & മെറ്റബോളിക് ലാബും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നബാർഡ് പദ്ധതികളുടെ മേൽനോട്ടം മാത്രമാണ് NRHM നിർവ്വഹിക്കുന്നത്.

(ബി) നടപ്പ് സാമ്പത്തിക വർഷം ആരോഗ്യ മേഖലയ്ക്ക് 45 കോടി രൂപയ്ക്കുള്ള ധനസഹായം നബാർഡ്-ആർ.ഐ.ഡി.എഫ് XVI-ൽ നിന്ന് തേടുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പ്രിൻ സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. അതിൻ പ്രകാരം നടപ്പ് വർഷത്തെ ബഡ്ജറ്റിൽ നബാർഡ് ലോണിനായി ഉൾപ്പെടുത്തിയിട്ടുള്ള പണികൾ ഉൾപ്പെടെ 49 ആശുപത്രികളുടെ നവീകരണ/നിർമ്മാണ പ്രവർത്തനത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly